"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം നെടുവത്തൂർ EVHSS മാനേജർ 09.09.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2248/2025/GEDN തീയതി,തിരുവനന്തപുരം, 27-03-2025**

പരാമർശം:- 1. കൊല്ലം നെടുവത്തൂർ EVHSS മാനേജരുടെ 09.09.2024-ലെ റിവിഷൻ ഹർജി

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.10.2024, 15.11.2024 തീയതികളിലെ ഇ.റ്റി1/21137/2024/ഡി.ജി.ഇ. നമ്പർ കത്ത്

3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.11.2024-ലെ DEOKTR/2379/2024-B2 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം നെടുവത്തൂർ EVHSS മാനേജർ 09.09.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷികളുടെ വാദം 12.11.2024-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. ടി സ്കൂളിലെ എച്ച്.എസ്.ടി.(മലയാളം) ശ്രീമതി ബി.വിജയകുമാരിയമ്മ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീമതി നീത എ.എസ്.ന് 01.06.2023 തീയതി പ്രാബല്യത്തിൽ നിയമനാംഗീകാരം നൽകണമെന്നും 2022-23 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവിൽ "ഇനി സ്കൂളിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവ് സംരക്ഷിത അധ്യാപികയെ നിയമിക്കണം" എന്ന പരാമർശം ഒഴിവാക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടുന്നത്.

2] സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്കൂൾ മാനേജരുടെ പ്രധാന വാദങ്ങൾ ചുവടെ കൊടുക്കുന്നു.

1 ) ടി സ്കൂൾ പുതുതായി ആരംഭിച്ച സ്കൂളോ അപ്ഗ്രേഡഡ് സ്കൂളോ അല്ലാത്തതിനാൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം നിലനിൽക്കുന്നതല്ല.

2) 2023-24 വർഷം അനുവദിച്ച അധികതസ്തികയിൽ ഉൾപ്പെടെ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപക നിയമനവും ഭിന്നശേഷി നിയമനവും നടപ്പിലാക്കിയിട്ടുണ്ട്.

3) 2016-17 മുതൽ 2019-20 വരെയുണ്ടായ 6 സഞ്ചിത അധിക തസ്തികകളിൽ 3 അധികതസ്തിക സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി സർക്കാരിന് വിട്ടു നൽകി

4) 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ സർക്കാരിന് വിട്ടുനൽകിയ ഒരു അധിക എച്ച്.എസ്.ടി.(മലയാളം) തസ്തിക നഷ്ടപ്പെടുകയും ടി തസ്തികയിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീമതി മാനസി എന്ന സംരക്ഷിത അധ്യാപികയെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

5) 2022-23 വർഷത്തെ തസ്തികനിർണയ ഉത്തരവിൽ, 'ഇനി സ്കൂളിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ സംരക്ഷിത അധ്യാപികയെ നിയമിക്കണം' എന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരാമർശത്തിനെതിരെ അപ്പീൽ നൽകിയെങ്കിലും സമയപരിധി കഴിഞ്ഞു എന്ന കാരണത്താൽ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. ടി പരാമർശം കെ.ഇ.ആർ.ലെ ഏത് ചട്ടപ്രകാരമാണെന്നോ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നോ തസ്തികനിർണയ ഉത്തരവിൽ സൂചിപ്പിച്ചിട്ടില്ല.

6) 2022-23 വർഷം അനുവദിച്ച രണ്ട് എച്ച്.എസ്.ടി.(മലയാളം) തസ്തികകളിൽ രണ്ടാമത്തെ തസ്തികയിൽ നിലനിന്നിരുന്ന ശ്രീമതി വിജയകുമാരിയമ്മ 31.05.2023-ൽ വിരമിച്ചതിനെ തുടർന്നാണ് ടി ഒഴിവിൽ ശ്രീമതി നീത എ.എസ്.നെ 01.06.2023 തീയതിയിൽ നിയമിച്ചത്.

7) 1979-നു മുൻപേ ആരംഭിച്ച സ്കൂളിൽ വിരമിക്കൽ ഒഴിവിൽ സംരക്ഷിതാധ്യാപകനെ നിയമിക്കണമെന്ന KER ചട്ടങ്ങളോ സർക്കാർ ഉത്തരവുകളോ നിലവിലില്ല

8 ) അധികതസ്തിക റേഷ്യോ പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കുവാൻവേണ്ടി വിട്ടുകൊടുത്തില്ലെങ്കിൽ അധികതസ്തികയിൽ മാനേജർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകരുതെന്നാണ് ചട്ടം 7(5)-ൽ വ്യക്തമാക്കിയിട്ടുള്ളത്. മറിച്ച് ആ സ്കൂളിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന തസ്തികകളിലെ വിരമിക്കൽ ഒഴിവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകരുതെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളോ ചട്ടങ്ങളോ നിലവിലില്ല.

9) 2023-24 അധ്യയനവർഷത്തിൽ 01.10.2023 പ്രാബല്യത്തിൽ അനുവദിച്ച എച്ച്.എസ്.ടി.(മലയാളം) അധികതസ്തിക സംരക്ഷിത അധ്യാപികയെ നിയമിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമ്മതപത്രം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കോട്ടവട്ടം ഡി.കെ.എം.എച്ച്.എസ്.ൽ ശ്രീമതി മാനസി എം.നെ നിയമിച്ചിട്ടുണ്ട്.

10) നിലവിൽ KER അധ്യായം XXI ചട്ടം 7(2) അനുസരിച്ച് അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയമിച്ച മൂന്ന് സംരക്ഷിത അധ്യാപകരും സ്കൂളിൽ തുടരുന്നുണ്ട്.

3] 2023-24 വർഷം 3 അധിക തസ്തികയിലും സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടുള്ളതിനാലും ഭിന്നശേഷി നിയമനം നടത്തിയിട്ടുള്ളതിനാലും 31.05.2023-ൽ വിരമിക്കൽ മൂലമുണ്ടായ എച്ച്.എസ്.ടി.(മലയാളം) തസ്തികയിൽ ശ്രീമതി നീത എ.എസ്.ന് 01.06.2023 പ്രാബല്യത്തിൽ നൽകിയ നിയമനം അംഗീകരിക്കാവുന്നതാണെന്ന് ഹിയറിംഗ് വേളയിൽ വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടു.

4 ] 2022-23 വർഷം അനുവദിച്ച രണ്ട് എച്ച്.എസ്.ടി.(മലയാളം) തസ്തികകളിൽ രണ്ടാമത്തെ തസ്തികയിൽ നിലനിന്നിരുന്ന ശ്രീമതി വിജയകുമാരിയമ്മ 31.05.2023-ൽ വിരമിച്ചതിനെ തുടർന്നാണ് ടി ഒഴിവിൽ ശ്രീമതി നീത എ.എസ്.നെ

01.06.2023 തീയതിയിൽ നിയമിച്ചത്. 1979-ന് മുൻപേ ആരംഭിച്ച സ്കൂളിൽ വിരമിക്കൽ ഒഴിവിൽ സംരക്ഷിതാധ്യാപകനെ നിയമിക്കണമെന്ന K E R ചട്ടങ്ങളോ സർക്കാർ ഉത്തരവുകളോ നിലവിലില്ല.

5] മേൽ സാഹചര്യത്തിൽ, കൊല്ലം നെടുവത്തൂർ EVHSS-ലെ 2022-23 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവിൽ "ഇനി സ്കൂളിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവ് സംരക്ഷിത അധ്യാപികയെ നിയമിക്കണം" എന്ന പരാമർശം ഒഴിവാക്കി, 2023-24 വർഷം 3 അധിക തസ്തികയിലും സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടുള്ളതിനാലും ഭിന്നശേഷി നിയമനം നടത്തിയിട്ടുള്ളതിനാലും 31.05.2023-ൽ വിരമിക്കൽ മൂലമുണ്ടായ എച്ച്.എസ്.ടി.(മലയാളം) തസ്തികയിൽ ശ്രീമതി നീത എ.എസ്.ന് 01.06.2023 പ്രാബല്യത്തിൽ നൽകിയ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി, കൊല്ലം നെടുവത്തൂർ EVHSS മാനേജർ 09.09.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, EVHSS, നെടുവത്തൂർ, കൊല്ലം
ശ്രീമതി നീത എ.എസ്., എച്ച്.എസ്.ടി.(മലയാളം), EVHSS
നെടുവത്തൂർ, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (24.02.2025-ലെ GE-JA3/3/2025-G.EDN പ്രകാരം)
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് [B2/188/2024/GEdn]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 27-03-2025 12:07:33
സെക്ഷൻ ഓഫീസർ